LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്ക് പ്രൈസ് ഐ.ഡി. നമ്പർ 2018/2238 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ 3-8-2018-ലെ 2073/2018 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുശേഷം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

PRICE ID RD/2018/2238 എന്നത് ബസ്ബേയുടെ മണ്ണ് പരിശോധനയുടെ എസ്റ്റിമേറ്റാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 3-8-2018-ലെ കത്ത് സർക്കാരിൽ ലഭ്യമായിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി

17 (766) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, ഭരണാനുമതി ഉത്തരവ്, നിലവിലെ പുരോഗതി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നിരത്തുകൾ, പാലം, കെട്ടിടം വിഭാഗങ്ങൾക്കു കീഴിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

18 (767) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് (2016-21) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് നൽകിയത്; ദേശീയപാത, ബിൽഡിംഗ്സ്, റോഡുകളും പാലങ്ങളും എന്നീ ഓരോ വിഭാഗത്തിനും നൽകിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഉൾപ്പെടെ വിശദമാക്കുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.